## പതിനാലാംകേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 352     28/05/2019-ൽ മറുപടിയ്ക്ക്**

## കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി

| **ചോദ്യം**<br>ശ്രീ. വി. ജോയി | **ഉത്തരം**<br>**കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പ മന്ത്രി) |
|---|---|
| (എ) കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുവാൻ വനിതാ ശിശു വികസന വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് രക്ഷകർത്താക്കൾക്കായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. **'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി '** എന്ന ക്യാമ്പയിൻ 2019 ജൂൺ ഒന്ന് മുതൽ നവംബർ പതിനാല് വരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് **'റെസ്പോൺസിബിൾ പേരന്റിംഗ്, കുട്ടികളുടെ അവകാശം'** എന്നിവ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടി സ്കൂൾ ടീച്ചർമാരേയും സ്കൂൾ പി.ടി.എ പ്രതിനിധികളെയും ഉൾപ്പെടുത്തിയാണ് |

നടത്തുന്നത്. ഓ.ആർ.സി പദ്ധതിയുടെ ഭാഗമായും ഉത്തരവാദിത്വരക്ഷകർത്തൃത്വം സംബന്ധിച്ച് സ്കൂളുകളിൽ രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്.

| | |
|---|---|
| (സി) ഉണ്ടെങ്കിൽ പ്രസ്തുത ക്യാമ്പയിനുകൾ എന്നുമുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ 2019 ജൂൺ ഒന്ന് മുതൽ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**